Q.1 -Ans:

[redacted]

↳ വേലു പുറമ്പോക്കിലാണ് താമസം, സൈക്കിൾ റിക്ഷയാണ് ജീവിതമാർഗ്ഗം. അവൻ റിക്ഷാചവിട്ടി കിതയ്ക്കുമ്പോഴും മനസ്സിലുള്ള ഒരേയൊരു മോഹമാണ് ഒരു പൊന്നരഞ്ഞാണം. പക്ഷേ, അതിനുവേണ്ടി അയാൾ എടുക്കുന്നപണി പോരാതാവുന്നു. വീട്ടുചെലവും ആഘോഷച്ചെലവും ചുരുക്കിയും വേലു മകനു തനിക്കില്ലാത്ത സൗഖ്യം ഒരുക്കിക്കൊടുക്കാൻ ബദ്ധപ്പെടുകയാണ്. സ്നേഹത്തിനു വിദ്യാഭ്യാസവും പകിട്ടും വേണ്ട. വേലുവിന്റെ സ്നേഹം അതിനുദാഹരണമാണ്.

3. *ബലരാമൻ നല്കിയ പൊന്നരഞ്ഞാണം വേലു തിരിച്ചുകൊടുക്കുന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?*

യോജിക്കാം. അർഹതപ്പെട്ടതേ ആശിക്കാവൂ. പൊന്നിനോടുള്ള ആവേശം അപകടമാണ്. അതുകൊണ്ട് അത് തിരിച്ചുനല്കുന്നത് അയാൾക്ക് നല്ല ഉറക്കത്തിനു നല്ലതാണ്.

വിയോജിക്കാം. വേലുവിനെക്കൊണ്ട് സാധിക്കാനാവാത്ത കാര്യമാണ് പൊന്നരഞ്ഞാണം. അത് അറിഞ്ഞുകൊണ്ട് ഒരാൾ നല്കിയത് സ്വീകരിക്കുന്നതുകൊണ്ടു കുഴപ്പമില്ല.

4. *സ്വന്തം നെറ്റിത്തടത്തിലെ വിയർപ്പുകൊണ്ടു സമ്പാദിക്കുന്നതാണ് ശ്രേഷ്ഠം — അരഞ്ഞാണം എന്ന കഥയെ ആസ്പദമാക്കി ചർച്ച ചെയ്യുക.*

അവനവന്റെ അദ്ധ്വാനംകൊണ്ടു നേടുന്നതിനേ ശ്രേഷ്ഠതയുള്ളൂ. മകന് ഒരു അരഞ്ഞാണം എന്ന വേലുവിന്റെ സ്വപ്നം പരാജയപ്പെടുകയാണ്. അവിടെയാണ് കുട്ടി പൊന്നരഞ്ഞാണം നീട്ടുന്നതും വേലു വാങ്ങുന്നതും. മോഹസാഫല്യം നേടുന്ന വേലുവിനെ എച്ച്മി വിവേകത്തിന്റെ വഴിയിലേക്കു തിരിച്ചുകൊണ്ടുവരുന്നു. പൊന്നരഞ്ഞാണം തിരിച്ചുകൊടുക്കാൻ അവൾ വേലുവിനെ പ്രേരിപ്പിക്കുന്നു. മനസ്സില്ലാമനസ്സോടെയാണ് വേലു അത് മടക്കിക്കൊടുക്കുന്നത്. അവിടെയാണ് വേലു ഒരു പരമാർത്ഥത്തിൽ മനസ്സ് ചാരി നിശ്വസിക്കുന്നത്. അവനവന്റെ അദ്ധ്വാനംകൊണ്ട് ഉണ്ടാക്കുന്നതിനുള്ള ശ്രേഷ്ഠത മറ്റൊരാൾ നല്കുന്നതിന് ഇല്ല.

5. *മോനൊരരഞ്ഞാണം എന്ന വേലുവിന്റെ സ്വപ്നം പരാജയപ്പെടുന്നത് എങ്ങനെയൊക്കെയാണെന്ന് കണ്ടെത്തുക.*

ഒരു അണ വാവുബലിക്കു ചെലവിട്ടു. ഒമ്പതണ സ്വരൂപിച്ചുവച്ചിരിക്കുമ്പോഴാണ് എച്ച്മിക്ക് അസുഖം വന്നത്. വെള്ളി അരഞ്ഞാണത്തിനു വില പറഞ്ഞു. കൈയിലുള്ളതാകട്ടെ ഒരു രൂപ ആറണ മാത്രം. കാശുണ്ടാക്കാൻ വൈകുന്നതോടെ ആ അരഞ്ഞാണം മറ്റാരോ വാങ്ങിക്കൊണ്ടുപോയി. ഒരു രൂപാ സുദാവരന്റെ പിറന്നാളിനു ചെലവായി.

6. *സഹാനുഭൂതിയും പരോപകാരവും നിസ്സഹായനോടുള്ള ആർദ്രതയും ബലരാമന്റെ വാക്കുകളിലും പ്രവൃത്തികളിലും കാണുന്നു—*

*കുറിപ്പ് എഴുതുക.*

വേലുവിനോട് ആദ്യം തോന്നിയ അകലം കുട്ടിയുടെ മനസ്സിൽ ഇല്ലാതായി. അവൻ വേലുവിനെപ്പറ്റി കൂടുതൽ അറിഞ്ഞു. വേലുവിന്റെ ആകെയുള്ള വരുമാനമാണ് ആ റിക്ഷാ. പക്ഷേ, അവനുള്ള മോഹമാകട്ടെ ഇത്തിരി വലുതുമാണ്. മകനൊരു അരഞ്ഞാണം അതാണ് അയാളുടെ മോഹം. അതിനായി കഠിനമായി അദ്ധ്വാനിക്കുകയാണ്. പണം കൂട്ടിവയ്ക്കുകയാണ്. പക്ഷേ, ആ പണമെല്ലാം ചെലവായി. കുട്ടി എന്നും അരഞ്ഞാണത്തെപ്പറ്റി വേലുവിനോടു ചോദിക്കും. വേലുവിനോടും അവന്റെ കുട്ടിയോടും ആ ബാലന് അനുകമ്പതോന്നി. ഒരിക്കൽ അവൻ കുട്ടിയുടെ അരഞ്ഞാണത്തിനായി അരയണ നല്കി. പിന്നെ ഒരു കഷണം വെള്ളി കൊടുത്തു. പിന്നീട് ഒരു പൊന്നരഞ്ഞാണം പിറന്നാൾ സമ്മാനമായി നല്കി. വേലുവിന്റെ നിസ്സഹായതയിൽ പങ്കുചേർത്ത് അയാളെ സഹായിക്കുവാനുള്ള സന്നദ്ധതയും സഹാനുഭൂതിയും ബാലനിൽ കാണാം.

7. *മക്കളിൽ പ്രതീക്ഷയർപ്പിച്ചു ജീവിതം ഉന്തിത്തള്ളുന്ന ഒരച്ഛനാണ് വേലു — സമർത്ഥിക്കുക.*

മകന് ഒരു അരഞ്ഞാണം എന്നത് വേലുവിന്റെ സ്വപ്നമാണ്. എന്നാൽ അതു സാധിക്കുവാൻ അയാൾക്ക് ആവുന്നില്ല. മകൻ തന്നെക്കാൾ സുഖമനുഭവിച്ച് കേമനായി വളരുവാൻ അയാൾ ആഗ്രഹിക്കുന്നു. അവൻ വളർന്ന് തന്നെ സംരക്ഷിക്കുമെന്ന പ്രതീക്ഷയിലാണ് അതെല്ലാമെന്നു കരുതാം. മക്കൾക്കായി ആയുസ്സും ആരോഗ്യവും ചെലവിടുന്ന എല്ലാ പിതാക്കന്മാരുടെയും സ്വപ്നം ഇതുതന്നെയാവും.